# പൊങ്ങച്ചത്തെ തീറ്റിപ്പോറ്റുന്നവർ

പൊങ്ങച്ചം തിക്തയാഥാർഥ്യങ്ങളെ അംഗീകരിക്കാറില്ല. അവയെ അത് വെളിപ്പെടുത്താറുമില്ല. ഉള്ളതിനെ ഊതിവീർപ്പിച്ചും പെരുപ്പിച്ചും ലോകശ്രദ്ധ നേടാനാണ് അതെപ്പോഴും പരിശ്രമിക്കുക. അത് ഒരുതരം അഹങ്കാരം.

നമ്മുടെ രാജ്യം ലോകനിലവാരത്തിലുള്ള സമ്പന്നരാജ്യമായി മാറിയിട്ടുണ്ടെന്നാണ് സന്തോഷകരമായ വിവരം. സർക്കാറിൻെറയും പൊതുജനങ്ങളുടെയും ഒത്താശയോടെ തടിച്ചുകൊഴുത്ത രാജ്യത്തെ അംഗുലീപരിമിതരാണ് ഈ ഗെയിമിലെ സൂപ്പർസ്റ്റാറുകൾ. അവരെ നോക്കി ലോകം വിലയിരുത്തി: ഇന്ത്യ ലോകത്തിലെ ഒന്നാംകിട സമ്പന്നവും പ്രതാപവുമുള്ള രാജ്യമായി മാറുകയാണ്." പക്ഷേ, ഞെട്ടിപ്പിക്കുന്നതും നാണിപ്പിക്കുന്നതുമായ യാഥാർഥ്യങ്ങളുടെ ഇരകളായാണ് ഇവിടെ കോടികൾ വരുന്ന ജനം ജീവിക്കുന്നത്.

അന്താരാഷ്ട്ര പട്ടിണിമാപിനി ഉപയോഗിച്ചുള്ള അളവ് കൃത്യമാണെങ്കിൽ ഏറ്റവും കൂടുതൽ പേർ പട്ടിണി കിടക്കുന്നത് ലോകത്തെ സമ്പന്നമെന്ന് ലോകം വിലയിരുത്തിയ ഇന്ത്യാരാജ്യത്താണ്.

കൊടുംതണുപ്പിൽ നിന്ന് രക്ഷപ്പെടാൻ ഒരു കഷണം പുതപ്പില്ലാത്തവരും ഒന്നു കയറിക്കിടക്കാൻ ഒരു തുണ്ട് കൂരയില്ലാത്തവരുമാണ് ഈ രാജ്യത്തിൻെറ പൗരലക്ഷങ്ങൾ. പോഷാകാഹാരക്കുറവ് നിമിത്തം മരണമടയുന്ന സ്ത്രീകളും കുഞ്ഞുങ്ങളും ഏറ്റവും കൂടുതലുള്ളതും ഈ "സമ്പന്ന-പ്രതാപ" രാജ്യത്തിലാണ്.

പോഷാകാഹാരക്കുറവും മാലിന്യവും അന്തരീക്ഷ മലിനീകരണവും നിമിത്തം മാറാരോഗങ്ങൾക്കടിപ്പെട്ട് ഏറ്റവും കൂടുതൽ പേർ മരണമടയുന്നതും ഈ വിശിഷ്ട രാജ്യത്തു തന്നെയാണ്.

ഈ ചിത്രം സുന്ദരമായി മറച്ചുവെക്കാനാണ് അധികൃതർക്ക് താല്പര്യം. ദരിദ്രകോടികളുടെ പ്രശ്നം വേണ്ട വിധം പരിഹരിക്കാനുള്ള ആരോഗ്യകരമായ ശ്രമങ്ങളെല്ലാം കടലാസിൽ തന്നെ മരണമടയുന്നുവെന്നതാണ് യാഥാർഥ്യം. അതേയവസരം പ്രതിഷേധങ്ങളും റാലികളും സംഘടിപ്പിച്ചെങ്കിൽ മാത്രമേ പൗരന്മാരുടെ അവകാശങ്ങൾ നേടിയെടുക്കാനാകൂ എന്ന സ്ഥിതിയും ഈ രാജ്യത്തിൻെറ മാത്രം സവിശേഷതയാണ്.

ഈ രാജ്യത്തിൻെറ വലിയൊരു വിഭാഗം പൗരന്മാർ കൊടുംപട്ടിണിയിലും പോഷകക്കുറവിലും പെട്ടുഴലുന്നതിന് നാം തന്നെയാണ് കാരണക്കാർ. ഉത്തരവാദികളിൽ ഒന്നാമത്തേത് ഭരണകൂടങ്ങളാണ്. രണ്ടാമത്തേത് രാജ്യത്തെ ധനാഢ്യരും.

ശാസ്ത്രീയവും സാങ്കേതികവുമായ മുന്നേറ്റം വേണ്ട എന്നല്ല സൂചിപ്പിക്കുന്നത്, പക്ഷേ, അതേ ഉത്സാഹം മേൽപറഞ്ഞ പ്രയാസങ്ങളുടെ ദൂരീകരണത്തിലും കൈക്കൊണ്ടിരുന്നുവെങ്കിൽ ചിത്രം ഇത്രത്തോളം വഷളാകുമായിരുന്നില്ല. പക്ഷേ, അഴിമതിയും കെടുകാര്യസ്ഥതയും പതിവാക്കിയ ഭരണകൂടങ്ങളിൽനിന്ന് എങ്ങനെയാണ് ഇത്തരം ക്രിയാത്മക സമീപനങ്ങൾ ഉണ്ടാകുക? നല്ല കാര്യങ്ങൾ ഉണ്ടാകുന്നില്ല എന്ന അർഥത്തിലല്ല ഇത് സൂചിപ്പിക്കുന്നത്.

ധനാഢ്യരായ വിഭാഗങ്ങൾക്കുമുണ്ട് വലിയ ഉത്തരവാദിത്തം. അവരാരും തനിയെ വളർന്നു വലുതായവരല്ല. ദരിദ്രരായ ജനവിഭാഗങ്ങളുടെ കഠിനമായ അധ്വാനമാണ് അവരുടെ മൂലധനം. ദരിദ്രരെ സഹായിക്കാനുള്ള ഉത്സാഹം കുറെകൂടിയുണ്ടായിരുന്നെങ്കിൽ ചിത്രം ഏറെ ഭേദമാകുമായിരുന്നു. നന്നെ ചുരുങ്ങിയത് തെരുവുകളിലെ കൊടുംതണുപ്പിൽ മരവിച്ചു മരിക്കുന്ന ഒട്ടേറെ ജനത്തെ ദുരന്തമരണത്തിൽ നിന്ന് രക്ഷിക്കാനാകുമായിരുന്നു. പക്ഷേ, സ്വർഥം ഭരിക്കുന്ന മനസ്സുകൾ ഉണർന്നെങ്കിലല്ലേ മാത്രമേ അത് യാഥാർഥ്യമാവുകയുള്ളൂ.